**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3511** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക ധാന്യങ്ങളുടെ ആഭ്യന്തര ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി കാർഷിക ധാന്യങ്ങളുടെ ആഭ്യന്തര ഉല്പാദനം കൂട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളായ നെല്ലിന്റെയും ചെറു ധാന്യങ്ങളുടെയും ഉൽപാദനം വിസ്തൃതി വർദ്ധനവിലൂടെയും, ഉല്പാദനക്ഷമത വർദ്ധനവിലൂടെയും വർദ്ധിപ്പിക്കുന്നതിനായി നെൽകൃഷി വികസനം, വിള വൈവിധ്യവൽക്കരണം, ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, രാഷ്ട്രീയ കൃഷി വികാസ് യോജന, റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളും, യന്ത്രവൽക്കരണ ത്തിനായി സബ് മിഷൻ ഓൺ അഗ്രി കൾച്ചറൽ മെക്കനൈസേഷൻ, നെൽകൃഷി ക്കാവശ്യമായ കുമ്മായം പോലുള്ള ഉല്പാദനോപാധികൾക്കായി സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മിഷൻ പദ്ധതികളും, വിള ഇൻഷ്വറൻസിനായി കേന്ദ്ര - സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികൾ, വിത്തുല്പാദന ത്തിനായി ഫാമുകൾക്ക് നൽകുന്ന സഹായം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിനുപരിയായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ധാന്യവിളകളുടെ ഉത്പാദനത്തിന് ആവശ്യമായ പദ്ധതികൾ പ്രാദേശിക ആവശ്യകത അനുസരിച്ച് തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസനത്തിനായി വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെ 120.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും, ഡ്രോൺ ഉപയോഗിച്ചുള്ള സൂക്ഷ്മമൂലകങ്ങളുടെയും ജൈവവളങ്ങളുടെയും പ്രയോഗവും ഇതിൽ ഉൾപ്പെടുന്നു. പുതിയതായി ഇതിൽ പൊക്കാളി നെല്ലിനത്തിന്റെ ഫീൽഡ് തല വിത്ത് വികസനവും ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | വിളവൈവിധ്യവൽകരണത്തിനായുള്ള പദ്ധതിയിലൂടെ പ്രധാനമായും ചെറുധാന്യങ്ങളുടെയും പയർ വർഗ്ഗ വിളകളുടെയും വിസ്തൃതി വർദ്ധനവും ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ചെറു ധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് സഹായം നൽകുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം നാലിലൊന്ന് താഴെയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉല്പാദനം കൂട്ടാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളായ നെല്ലിന്റെയും ചെറു ധാന്യങ്ങളുടെയും ഉൽപാദനം വിസ്തൃതി വർദ്ധനവിലൂടെയും, ഉല്പാദനക്ഷമത വർദ്ധനവിലൂടെയും വർദ്ധിപ്പിക്കുന്നതിനായി നെൽകൃഷി വികസനം, വിള വൈവിധ്യവൽക്കരണം, ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, രാഷ്ട്രീയ കൃഷി വികാസ് യോജന, റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളും, യന്ത്രവൽക്കരണ ത്തിനായി സബ് മിഷൻ ഓൺ അഗ്രി കൾച്ചറൽ മെക്കനൈസേഷൻ, നെൽകൃഷി ക്കാവശ്യമായ കുമ്മായം പോലുള്ള ഉല്പാദനോപാധികൾക്കായി സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മിഷൻ പദ്ധതികളും, വിള ഇൻഷുറൻസിനായി കേന്ദ്ര - സംസ്ഥാന ഇൻഷുറൻസ് പദ്ധതികൾ, വിത്തുല്പാദന ത്തിനായി ഫാമുകൾക്ക് നൽകുന്ന സഹായം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിനുപരിയായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ധാന്യവിളകളുടെ ഉത്പാദനത്തിന് ആവശ്യമായ പദ്ധതികൾ പ്രാദേശിക ആവശ്യകത അനുസരിച്ച് തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസനത്തിനായി വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെ 120.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും, ഡ്രോൺ ഉപയോഗിച്ചുള്ള സൂക്ഷ്മമൂലകങ്ങളുടെയും ജൈവവളങ്ങളുടെയും പ്രയോഗവും ഇതിൽ ഉൾപ്പെടുന്നു. പുതിയതായി ഇതിൽ പൊക്കാളി നെല്ലിനത്തിന്റെ ഫീൽഡ് തല വിത്ത് വികസനവും ഉൾപ്പെടുന്നു.<br><br>വിളവൈവിധ്യവൽകരണത്തിനായുള്ള പദ്ധതിയിലൂടെ പ്രധാനമായും ചെറുധാന്യങ്ങളുടെയും പയർ വർഗ്ഗ വിളകളുടെയും വിസ്തൃതി വർദ്ധനവും ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ചെറു ധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ